Vol-2,issue-9
05-03-2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാനവാർത്തകൾ

01. മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ: മുഖ്യമന്ത്രിയുടെ പ്രസ്താവന അപക്വം.
02. ദേവാലയ ആക്രമണം-സാമൂഹ്യവിരുദ്ധരെ ശിക്ഷിക്കണം.
03. മൂന്ന് ക്രിസ്ത്യൻ പള്ളികൾക്ക് നേരെ അക്രമം.
04. ലത്തീൻ സമുദായം വനിതാ സംഘടന രൂപീകരിക്കും.
05. അധാർമിക ശക്തികളുമായി കൂടരുത്: ക്ലീമിസ് കാതോലിക്കാ ബാവ
06. ഇൻഫാം കർഷക രക്ഷാ യാത്ര തുടങ്ങി.
07. പുതിയ പാഠ്യപദ്ധതിക്ക് അംഗീകാരമായി.
08. എസ്.എസ്.എൽ.സി ചോദ്യക്കടലാസിലെ പാർട്ടി ചോദ്യങ്ങൾ വിവാദമാകുന്നു.
09. ന്യൂനപക്ഷങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ 15 ശതമാനം.

## 01. മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ: മുഖ്യമന്ത്രിയുടെ പ്രസ്താവന അപക്വം: കെ.സി.ബി.സി.

വല്ലാർപാടം പദ്ധതിക്കുവേണ്ടി അതിദാരുണമായ രീതിയിൽ മൂലമ്പള്ളിയിൽ കുടിയൊഴിപ്പിക്കപ്പെട്ട പാവങ്ങളോട് പക്ഷം ചേർന്ന കേരളത്തിലെ സാംസ്കാരിക നായകൻമാരെയും സഭാധികാരികളെയും സമുദായനേതാക്കളെയും കേരള മുഖ്യമന്ത്രി നക്സലേറ്റുകളായി ചിത്രീകരിച്ചത് അപക്വവും അങ്ങേയറ്റം പ്രതിഷേധാർഹവുമാണെന്ന് കെ.സി.ബി.സി അഭിപ്രായപ്പെട്ടു. ഭീമമായ കോടികളുടെ വികസനപദ്ധതികൾ നടപ്പിലാക്കുമ്പോൾ തുച്ഛമായ തുകയ്ക്ക് മാന്യമായി കാലേകൂട്ടി ബന്ധപ്പെട്ടവരെ പുനരധിവസിപ്പിക്കാമെന്നിരിക്കെ വികസനത്തിന് ഒരിക്കലും എതിരില്ലാത്ത ജനതയെ മനുഷ്യത്വരഹിതമായും നിയമവിരുദ്ധമായും ബലമായി കുടിയൊഴിപ്പിച്ചത് ഭരണത്തിന്റെ പിടിപ്പുകേടാണ്. തെറ്റിന് റവന്യു മന്ത്രി മാപ്പ് പറഞ്ഞെങ്കിലും പുനരധിവാസപദ്ധതി തീരുമാനിച്ച് പ്രഖ്യാപിക്കാനോ നടപ്പിലാക്കാനോ ഇതുവരെ കഴിഞ്ഞിട്ടില്ല. വ്യക്തമായ മനുഷ്യാവകാശലംഘനം നടന്നെന്ന് തെളിഞ്ഞിട്ടും പ്രശ്നത്തിന് പരിഹാരം കാണാതെ നീട്ടിക്കൊണ്ട് പോകുന്നത് അനീതിയാണ്. മൂലമ്പിള്ളി - വല്ലാർപാടം പുനരധിവാസപാക്കേജ് പ്രഖ്യാപിക്കേണ്ടത് മന്ത്രിസഭയാണെന്ന് റവന്യു മന്ത്രിയും മന്ത്രിസഭ ഉപസമിതിയാണെന്ന് മുഖ്യമന്ത്രിയും പറയുമ്പോൾ ഉണ്ടാകുന്ന പൊരുത്തക്കേടുകൾ അതീവഗുരുതരമായ പുനരധിവാസ പ്രശ്നത്തെ എത്ര ലാഘവത്തോടെയാണ് ഗവൺമെന്റ് കാണുന്നതിന്റെ തെളിവാണെന്ന് കെ.സി.ബി.സിക്കുവേണ്ടി പ്രസിഡന്റ് മോസ്റ്റ് റവ. ഡോ. ഡാനിയൽ അച്ചാരുപറമ്പിലും വൈസ് പ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസും സെക്രട്ടറി ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്തും സംയുക്ത പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

## 02. ദേവാലയ ആക്രമണം-സാമൂഹ്യവിരുദ്ധരെ ശിക്ഷിക്കണം: ഐക്യ-ജാഗ്രതാ കമ്മീഷൻ

ചെറായി ചക്കരക്കടവ് സെന്റ് റോസ് പള്ളിക്കു നേരെ വീണ്ടും ആക്രമണം നടന്നതിൽ കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷൻ ശക്തമായ പ്രതിഷേധവും ആശങ്കയും രേഖപ്പെടുത്തി. സമാധാനപരമായി വിശ്വാസികൾ പ്രാർത്ഥന നടത്തുമ്പോഴാണ് വൈദികനെയും വിശ്വാസികളെയും ചില സാമൂഹ്യവിരുദ്ധർ ആക്രമിച്ചത്. ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചവർ ആരുതന്നെയായാലും അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുകയും മാതൃകാപരമായി ശിക്ഷിക്കുകയും വേണമെന്ന് കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ നിയമപാലകർ നിഷ്ക്രിയയരായി നിന്നത് തികച്ചും പ്രതിഷേധാർഹമാണ്.ഐക്യ-ജാഗ്രതാ കമ്മീഷന്റെ നേതൃത്വത്തിൽ പി.ഒ.സി.യിൽ ചേർന്ന പ്രതിഷേധസമ്മേളനത്തിൽ പി.ഒ.സി. ഡയറക്ടർ റവ. ഡോ. സ്റ്റീഫൻ ആലത്തറ അധ്യക്ഷത വഹിച്ചു. ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ, ഫാ. ജോർജ്ജ് കുരുക്കൂർ, മി. പി.സി. തോമസ്, മിസ്സിസ് ത്രേസ്യാമ്മ എന്നിവർ പ്രസംഗിച്ചു.

03. മൂന്ന് ക്രിസ്ത്യൻ പള്ളികൾക്ക് നേരെ ആക്രമണം. (മലയാള മനോരമ 25-02-2008)

ദിൽഷാദ് ഗാർഡൻ താഹിർപൂരിൽ മൂന്ന് ക്രിസ്ത്യൻ ദേവാലയങ്ങൾക്കു നേരെ അക്രമം. ആരാധനയ്ക്കെത്തിയ രണ്ടുപേരുടെ കാറിന്റെ ചില്ലുകൾ കല്ലേറിൽ തകർന്നു. ഇന്നലെ രാവിലെ ദിൽഷാദ് ഗാർഡൻ സെന്റ് സെബാസ്റ്റ്യൻസ്, സെന്റ് ഫ്രാൻസിസ്, സെന്റ് സ്റ്റീഫൻസ് പള്ളികളുടെ മുന്നിൽ ബജ്റംഗ്ദൾ പ്രവർത്തകർ സംഘം ചേർന്നെത്തി മുദ്രാവാക്യം മുഴക്കി. ഈ സമയത്ത് സെന്റ് ഫ്രാൻസിസ്, സെന്റ് സ്റ്റീഫൻസ് പള്ളികളിൽ കുർബാന നടക്കുകയായിരിന്നു. മുന്നറിയിപ്പുണ്ടായിരുന്നതിനാൽ പൊലിസ് സാന്നിധ്യമുണ്ടായിരിന്നു. പ്രകടനക്കാർ മടങ്ങിയ ശേഷം ബൈക്കിലെത്തിയ യുവാക്കളാണ് കല്ലെറിഞ്ഞത്. ഉച്ചയ്ക്കു ശേഷം തെളിവു നശിപ്പിക്കാനായികാർചില്ലുകൾ നീക്കാനായെത്തിയ രണ്ടു യുവാക്കളെ ജനം പിടിച്ചു പൊലിസിൽ ഏൽപ്പിച്ചു.

04. ലത്തീൻ സമുദായം വനിതാ സംഘടന രൂപീകരിക്കും. (മലയാള മനോരമ 25-02-2008)

ലത്തീൻ സമുദായത്തെ ശക്തിപ്പെടുത്തുവാൻ സ്വതന്ത്രവനിതാ സംഘടനയ്ക്കു രൂപം നൽകുമെന്ന് കൊച്ചി ബിഷപ് ഡോ. ജോൺ തട്ടുങ്കൽ പ്രസ്താവിച്ചു. കെഎൽസിഎ കൊച്ചി രൂപത സമിതി രൂപം നൽകിയ ഒരു വർഷത്തെ കർമ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരിന്നു അദ്ദേഹം. ലത്തീൻ സമുദായത്തിന്റെ ഐക്യം തകർക്കുവാനുള്ള ഓരോ നീക്കത്തിനെതിരെയും സമുദായംഗങ്ങൾ ജാഗ്രത പുലർത്തണം.

05. അധാർമിക ശക്തികളുമായി കൂടരുത്: ക്ലീമിസ് കാതോലിക്ക ബാവ (ദീപിക 25-02-2008)

അധാർമിക ശക്തികളുമായി കൂട്ടുകൂടാതെ ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതക്രമം വളർത്തിയെടുക്കാൻ വിശ്വാസികൾ ഒരുങ്ങണമെന്ന് മലങ്കര കത്തോലിക്കാ സഭാ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. തലമുറകളെ ദൈവവുമായി തീവ്രബന്ധത്തിൽ നിലനിർത്തണമെന്നും അവരെ ലോകത്തിന് മാതൃകയായി കൊടുക്കണമെന്നും അദ്ദേഹം പറഞ്ഞു. മലങ്കര കത്തോലിക്കാ സഭ തിരുവല്ല അതിരൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനുബന്ധിച്ച് പുതുപ്പള്ളിയിൽ നടന്ന കോട്ടയം മലങ്കര സംഗമത്തിൽ വിശുദ്ധ കുർബാനയ്ക്കുശേഷം പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പരിശുദ്ധ പത്രോസിന്റെ സിംഹാസനം കണ്ണിലെ കൃഷ്ണമണിപോലെ കഴിഞ്ഞ 75 വർഷക്കാലം കാത്തുപാലിച്ചു. ഇനി അതേ പാതയിലൂടെ കൂടുതൽ പോഷിപ്പിച്ച് മുന്നോട്ട് പോകുമെന്നും കത്തോലിക്കാ ബാവ പറഞ്ഞു.

06. ഇൻഫാം കർഷക രക്ഷായാത്ര തുടങ്ങി (ദീപിക 24-02-2008)

ഇൻഫാമിന്റെ നേതൃത്വത്തിലുള്ള കർഷക രക്ഷായാത്രയ്ക്ക് കാഞ്ഞങ്ങാട് തുടക്കമായി. ജാഥ ക്യാപ്റ്റനും ദേശീയ ചെയർമാനുമായ ഫാ. ജോസഫ് ഒറ്റപ്ലാക്കലിന് പതാക കൈമാറി തലശേരി അതിരൂപത വികാരി ജനറാൾ മോൺ. മാത്യു എം. ചാലിൽ ഉദ്ഘാടനം നിർവഹിച്ചു. സാമൂഹികനീതി കർഷകനും എന്ന മുദ്രാവാക്യമുയർത്തി ഇൻഫാം ദേശീയ സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡു മുതൽ തിരുവനന്തപുരം വരെയാണ് യാത്ര. യാത്ര മാർച്ച് മൂന്നിന് തിരുവനന്തപുരത്ത് സമാപിക്കും. രാജ്യത്ത് ഭൂരിപക്ഷമായ കർഷകരെ സർക്കാരുകൾ അവഗണിക്കുന്നത് കർഷകർ സംഘടിക്കാത്തതു കൊണ്ടാണെന്ന് മോൺ മാത്യു എം. ചാലിൽ പറഞ്ഞു. കർഷകർ ജൈവകൃഷിയിലേക്കു തിരിയണമെന്ന് ചടങ്ങിൽ പ്രസംഗിച്ച ഫാ. വടക്കേമുറി പറഞ്ഞു. കൃഷി ചെയ്യാത്ത ഭൂമി പിടിച്ചെടുക്കുമെന്ന് പറയുന്ന സർക്കാർ കർഷികവിളകളുടെ വിലസ്ഥിരതയെക്കുറിച്ച് എന്തുകൊണ്ട് മിണ്ടുന്നില്ലെന്ന് അദ്ദേഹം ചോദിച്ചു.

07. പുതിയ പാഠ്യപദ്ധതിക്ക് അംഗീകാരമായി (മാതൃഭൂമി 26-02-2008)

പുതുക്കിയ കേരള പാഠ്യപദ്ധതി ചട്ടക്കൂട് കൊച്ചിയിൽ ചേർന്ന കരിക്കുലം കമ്മിറ്റി അംഗീകരിച്ചു. സമിതി അധ്യക്ഷനായ വിദ്യാഭ്യാസമന്ത്രി എം.എ. ബേബിയുടെ അധ്യക്ഷതയിലായിരുന്നു യോഗം. വിദ്യാർത്ഥികളുടെ പങ്കാളിത്തവും ക്രിയാത്മകപ്രവർത്തനങ്ങളും കൂടുതൽ ഉൾപ്പെടുത്തിയാണ് പുതിയ പദ്ധതിയെന്ന് സമിതി കൺവീനറും എസ്‌സിഇആർടി ഡയറക്ടറുമായ ഡോ. എം. എ. ഖാദർ പറഞ്ഞു. വിദ്യാഭ്യാസ നിലവാരത്തിലെ നഗര-ഗ്രാമ വ്യത്യാസം ഇല്ലാതാക്കലാണ് ലക്ഷ്യം. നയരേഖ അനുസരിച്ചുള്ള കർമപദ്ധതിക്ക് ഒരു മാസത്തിനുള്ളിൽ രൂപം നൽകും. അടുത്ത അധ്യയനവർഷം പുതിയ പാഠ്യപദ്ധതിയനുസരിച്ചുള്ള പുസ്തകങ്ങളായിരിക്കും 1, 3, 5, 7 ക്ലാസുകളിൽ. മറ്റു ക്ലാസുകളിലേത് വരും വർഷങ്ങളിൽ പരിഷ്കരിക്കും. 100 പേജിൽ കൂടുതലുള്ള പുസ്തകങ്ങൾ രണ്ടു ഭാഗങ്ങളാക്കും പുസ്തകത്തിലെ ഭാഷയും ഉദാഹരണങ്ങളും ലളിതമാക്കും. ഒന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ് പാഠപുസ്തകമുണ്ടാകും. നിരന്തര മൂല്യനിർണയം എല്ലാ ഘട്ടത്തിലും നടപ്പിലാക്കും.

കൗമാരവിദ്യാഭ്യാസത്തിനായി അധ്യാപകർക്കുള്ള കൈപ്പുസ്തകത്തിന്റെ കരടും അംഗീകരിച്ചു. വിവാദമായ ആദ്യപുസ്തകം അടിമുടി മാറ്റി. കേരളീയ സംസ്കാരത്തിനനുസൃതമായി കുട്ടികളുടെ വളർച്ചയും സ്വഭാവരൂപവത്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഭിമുഖീകരിക്കാനാണിതെന്ന് എസ്.എസ്.എ. ഡയറക്ടർ ഡോ. വിജയകുമാർ പറഞ്ഞു. വിശദമായ ചർച്ച നടത്തിയ ശേഷമേ കരടിന് അന്തിമരൂപം നൽകൂ. ആദ്യമായാണ് ഒരു വിദ്യാഭ്യാസ രേഖ പൊതു ചർച്ചയ്ക്ക് വിധേയമാക്കുന്നതെന്ന് അധികൃതർ പറഞ്ഞു. ലൈംഗീകവിദ്യാഭ്യാസം എന്നത് കൗമാര വിദ്യാഭ്യാസമെന്നും ലിംഗ സമത്വമെന്നത് സ്ത്രീ പുരുഷ സമത്വമെന്നും തിരുത്തി. നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഒഴിവാക്കി. സ്കൂളുകളിൽ എല്ലാ തലങ്ങളിലും സഹ വിദ്യാഭ്യാസം നിർബന്ധമാക്കണമെന്നത് സഹ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണമെന്നാക്കി. പ്രീപ്രൈമറി സമയം രാവിലെ 8 മുതൽ വൈകീട്ട് 8 വരെയെന്നത് ഓരോ സ്ഥലത്തും വഴക്കമുള്ള പ്രവൃത്തിസമയം എന്നാക്കി. സ്കൂൾ പഠനസമയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം എന്നത് ഒഴിവാക്കി. ഒരു പീരിയഡ് ഒരു മണിക്കൂർ ആയിരിക്കും.

ഭാഷാ പഠനത്തിൽ നിലവിലുള്ള സാഹചര്യം തുടരാനും കൂടുതൽ ഓപ്ഷണൽ കോമ്പിനേഷനുകൾ രൂപകല്പന ചെയ്യാനുമാണ് നിർദ്ദേശം. എല്ലാ തൊഴിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നിർബന്ധമാക്കണമെന്നത് മാറ്റി അവസരമൊരുക്കണം എന്നാക്കി. ഹയർസെക്കൻഡറിയും വൊക്കേഷണൽ ഹയർസെക്കൻഡറിയും ഒരു കുടക്കീഴിൽ എന്ന സങ്കൽപ്പം തത്വത്തിൽ അംഗീകരിച്ചു. ബധിരർക്കുള്ള എസ്എസ്എൽസി സർട്ടിഫിക്കറ്റിൽ ബധിരർ എന്നുള്ളത് മാറ്റി കേൾവിവൈകല്യമുള്ളവർ എന്നാക്കും.ഇവർക്ക് പരീക്ഷയിൽ 100 മാർക്കിന്റെ ചോദ്യങ്ങളിൽ 80 മാർക്കിന്റേത് ഉത്തരമെഴുതിയാൽ മതി. 20 മാർക്ക് നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായി നൽകും. 2006-ൽ തുടങ്ങിയ പാഠ്യപദ്ധതി പരിഷ്കരണം നഗരസഭ, പഞ്ചായത്ത് തലങ്ങളിലും വിശദമായി ചർച്ച ചെയ്താണ് അന്തിമരൂപമാക്കിയതെന്നും ഇത്രയേറെ ജനാധിപത്യപരമായ ചർച്ചകളിലൂടെ ഇന്ത്യയിലൊരിടത്തും പാഠ്യപദ്ധതിക്കു രൂപം നൽകിയിട്ടില്ലെന്നും അധികൃതർ പത്രസമ്മേളനത്തിൽ പറഞ്ഞു.

08. എസ്.എസ്.എൽ.സി ചോദ്യക്കടലാസിലെ പാർട്ടി ചോദ്യങ്ങൾ വിവാദമാകുന്നു (ദീപിക 24-02-2008)

വിദ്യാഭ്യാസരംഗത്ത് കമ്യൂണിസ്റ്റ് ആശയപ്രചരണങ്ങൾക്ക് പലവഴി തേടുന്ന ഇടതുപക്ഷ സർക്കാർ ചോദ്യപേപ്പർ വഴിയും കമ്യൂണിസം കുത്തിവയ്ക്കുന്നു. എസ്.എസ്.എൽ.സി മോഡൽ പരീക്ഷയുടെ ചോദ്യപേപ്പറാണ് ആശയപ്രചരണത്തിനായി ഇടതുപക്ഷം ദുരുപയോഗിച്ചിരിക്കുന്നത്. ഇന്നലെ നടന്ന എസ്.എസ്.എൽ.സി സോഷ്യൽ സയൻസ് മോഡൽ പരീക്ഷയിലാണ് കമ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായുള്ള ചോദ്യങ്ങൾ തിരുകിക്കയറ്റിയത്. സോഷ്യൽ സയൻസ് വിഷയവുമായി ബന്ധപ്പെട്ടു വന്ന പല ചോദ്യങ്ങളും കണ്ടു വിദ്യാർഥികൾ തരിച്ചിരുന്നു. വിദ്യാർത്ഥികൾക്ക് നൽകിയ ചോദ്യാവലിയിലെ ഏഴ്, പതിനൊന്ന് ചോദ്യങ്ങളിലാണ് പാഠപുസ്തകത്തിൽ ഉൾപ്പെടാത്ത പാർട്ടി സംബന്ധമായ ചോദ്യങ്ങൾ ചേർത്തിട്ടുള്ളത്.

കേരളത്തിലെ ആദ്യത്തെ കമ്യൂണ്സ്റ്റ് മന്ത്രിസഭയുടെ രണ്ട് സുപ്രധാന നേട്ടങ്ങൾ എന്താണ്? 1956-ൽ സംസ്ഥാനസർക്കാരിനെ കേന്ദ്രമന്ത്രി സഭ പിരിച്ചു വിടാൻ കാരണമെന്ത്? എന്നിവയാണ് പതിനൊന്നാമത്തെ ചോദ്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇ.എം.എസ് സർക്കാരിന്റെ ഭരണ നേട്ടങ്ങളും സർക്കാരിനെ പിരിച്ചുവിടാനുണ്ടായ സാഹചര്യങ്ങളും എഴുതിയാൽ നാലു മാർക്ക് ലഭിക്കും. ഏഴാമത്തെ ചോദ്യമായി കൊടുത്തിരിക്കുന്നത് ബഹുരാഷ്ട്രകുത്തകകളുടെ കടന്നു കയറ്റത്തെക്കുറിച്ച പ്രതിബാധിക്കുന്നതെന്ന രൂപേണയാണ്. ബൊളീവിയായിലെ കൊച്ചബാംബയിൽ ജനങ്ങളുടെ ചെറുത്തുനിൽപ്പിന്റെ ഫലമായി ഒരു ബഹു രാഷ്ട്ര കമ്പനി പുറത്താക്കപ്പെട്ടു. മൂന്നാം ലോകരാഷ്ട്രങ്ങളുടെ പ്രകൃതിവിഭവങ്ങളുടെ മേൽ ബഹുരാഷ്ട്രക്കമ്പനി നടത്തുന്ന അമിതചൂഷണത്തിന്റെ പശ്ചാത്തലത്തിൽ നിങ്ങളിതിനെ എങ്ങനെ വിലയിരുത്തുന്നു. കേരളത്തിൽ നിന്നുള്ള ഒരു ഉദാഹരണസഹിതം ഇതിനെക്കുറിച്ച് വിവരിക്കുക എന്ന ചോദ്യത്തിന് നാലു മാർക്കാണ്. പാർട്ടിയുടെ ആശയപ്രചാരണത്തിന് സ്കൂൾ പരീക്ഷ ഉപയോഗപ്പെടുത്തുന്നത് അധ്യാപകരിലും മാതാപിതാക്കളിലും കടുത്ത പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്.

**09. ന്യൂനപക്ഷങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ 15 ശതമാനം: രാഷ്ട്രപതി** (വീക്ഷണം 26-02-2008)

പദ്ധതി വിഹിതത്തിന്റെ 15 ശതമാനം ന്യനപക്ഷങ്ങൾക്കായി നീക്കിവയ്ക്കുമെന്ന് രാഷ്ട്രപതി പ്രതിഭാപാട്ടീൽ വ്യക്തമാക്കി. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ നയപ്രഖ്യാപനം നടത്തുകയായിരുന്നു രാഷ്ട്രപതി. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 300 കോടിയുടെ സ്കോളർഷിപ്പ് ഏർപ്പെടുത്തും. ന്യൂനപക്ഷകേന്ദ്രീകൃത മേഖലകൾക്ക് വികസനപദ്ധതികളിൽ പ്രത്യേക പരിഗണന നൽകും. ഇതിന്റെ ഭാഗമായി 90 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾക്ക് 3780 കോടിയുടെ വികസനപദ്ധതികൾ നടപ്പിലാക്കും. പതിനൊന്നാം പദ്ധതി കാലയളവിൽ കാർഷിക മേഖലയിൽ നാല് ശതമാനം വളർച്ചാ നിരക്ക് കൈവരിക്കാനാകും. ആർ. രാധാകൃഷ്ണൻ അധ്യക്ഷനായ കാർഷിക കടാശ്വാസ കമ്മീഷന്റെ റിപ്പോർട്ട് കേന്ദ്രസർക്കാർ ഗൗരവമായി പരിഗണിച്ച് വരികയാണെന്നും പ്രതിഭ വ്യക്തമാക്കി.

രാജ്യത്തെ ആഭ്യന്തര സുരക്ഷ സംബന്ധിച്ച് ആശങ്കയ്ക്ക് വകയില്ലെന്ന് പറയുന്ന നയപ്രഖ്യാപനത്തിൽ വർദ്ധിച്ചു വരുന്ന ഇടതുപക്ഷ തീവ്രവാദം തുടച്ചുനീക്കാനുള്ള ശക്തമായ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുന്നു. ആഭ്യന്തര സുരക്ഷ പൂർണ്ണമായും നിയന്ത്രണ വിധേയമാണെന്നും പറയുന്നുണ്ട്. ഏപ്രിലോടെ രാജ്യത്തെ എല്ലാ ജില്ലകളിലേക്കും ദേശീയ തൊഴിലുറപ്പ് നിയമം നടപ്പിലാക്കും. ഒരു ബ്ലോക്കിൽ ഒരു സ്കൂളെന്ന കണക്കിൽ സെക്കന്ററി തലത്തിൽ ഉന്നതനിലവാരത്തോടെയുള്ള 6000 സ്കൂളുകൾ ആരംഭിക്കും. സ്ത്രീശാക്തീകരണത്തിനായി നിയമപരമായ സമത്വം ഉറപ്പാക്കും. ദേശീയ സാക്ഷരതാ മിഷന്റെ സഹകരണത്തോടെ സ്ത്രീ സാക്ഷരത വർദ്ധിപ്പിക്കും. പെൺഭ്രൂണഹത്യ, മനുഷ്യ കടത്ത് എന്നിവയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് രാഷ്ട്രപതി വ്യക്തമാക്കി.

4000 മെഗാവാട്ട് വീതം വൈദ്യുതി ഉദ്പാദിപ്പിക്കാൻ ശേഷിയുള്ള കൽക്കരി ഇന്ധനമായി ഉപയോഗിക്കുന്ന ഒമ്പത് മെഗാ പദ്ധതികൾ ആരംഭിക്കും. ടെക്സ്റ്റൈൽ മേഖലയുടെ നവീകരണത്തിനായി ടെക്നോളജി മിഷൻ സ്ഥാപിക്കും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് ദേശീയ വിജ്ഞാന ബാങ്ക് രൂപീകരിക്കും. പഞ്ചായത്ത് തലത്തിൽ യുവജന കായിക പദ്ധതികൾ നടപ്പിലാക്കും. ദേശീയ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവുകുറഞ്ഞ വീടുകളുടെ നിർമാണം പ്രോത്സാഹിപ്പിക്കും. 2015-ഓടെ രാജ്യത്തെ ഭക്ഷ്യ സംഭരണം മൂന്ന് ഇരട്ടിയാക്കും. ഇതിനായി 30 ഫുഡ് പാർക്കുകൾ സ്ഥാപിക്കും. ശീതീകരണ പാർക്ക് ശൃംഖലകളും സ്ഥാപിക്കും. ചെറുകിട-ഇടത്തര സംരംഭകർക്ക് വിപണി കേന്ദ്രീകൃത സാമ്പത്തിക സഹായം തുടരും. ഈ സർക്കാരിന്റെ കാലയളവിൽ ഗോതമ്പിന്റെ താങ്ങുവിലയിൽ 50 ശതമാനവും നെല്ലിന്റെ താങ്ങുവിലയിൽ 33 ശതമാനവും വർദ്ധനവുണ്ടായതായി രാഷ്ട്രപതി ചൂണ്ടിക്കാട്ടി. അയൽ രാജ്യങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്താനാണ് ഇന്ത്യ ആഗ്രഹിക്കുന്നത്. ചൈനയുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. രാജ്യത്തെ ആദ്യ പ്രവാസി സർവകലാശാല താമസിയാതെ നിലവിൽ വരുമെന്നും നയപ്രഖ്യാപനത്തിൽ വ്യക്തമാക്കുന്നു.